LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ: കേന്ദ്ര ഗവൺമെന്റ് ഇതിന് ഒരു നിയമം കൊണ്ടുവരുന്നുണ്ട്. നമുക്കും ഇതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. എന്നാൽ കേന്ദ്രം കൊണ്ടുവരുമ്പോൾ supersede ചെയ്തുപോകും. അവർ വളരെ അഡ്വാൻസ്ഡ് ആയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകുന്നത്. അങ്ങ് പറഞ്ഞതുപോലെ ഐ.സി.എം.ആർ.-ന്റെ മാർഗ്ഗരേഖ Enforceable ആണെങ്കിൽ അങ്ങ് പറഞ്ഞതനുസരിച്ച് ഒന്നുകൂടി അന്വേഷിക്കാം. Enforceable ആയ രീതിയിലെത്തിയിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. Enforceable ആയിട്ടുണ്ടെങ്കിൽ സ്ട്രിക്റ്റായിട്ട് എൻഫോഴ്സ് ചെയ്യാനാവശ്യമായ കാര്യങ്ങൾ ചെയ്യാം.

(2) മൂവാറ്റുപുഴയിൽ അഡീഷണൽ ജില്ലാ കോടതിയും കുടുംബ കോടതിയും സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോണി നെല്ലൂർ: സർ, മൂവാറ്റുപുഴ ഒരു റവന്യൂ ഡിവിഷൻ ആസ്ഥാനമാണ്. അത് ഒരു ജില്ലാ ആസ്ഥാനമാക്കുന്നതിനുവേണ്ടിയുള്ള കാത്തിരിപ്പിലാണ്. അവിടെ 400-ലധികം അഭിഭാഷകർ പ്രാക്ടീസ് ചെയ്യുന്ന കോടതികളുണ്ട്. എറണാകുളം ജില്ലയുടെ കിഴക്കൻ പ്രദേശമായ മൂവാറ്റുപുഴയിൽനിന്നും കിഴക്കൻ പ്രദേശങ്ങളായ കോതമംഗലം, കുന്നത്തുനാട്, എന്നീ മേഖലകളിൽ നിന്നും എറണാകുളത്ത് ജില്ലാ സെഷൻസ് കോടതിയിൽ അല്ലെങ്കിൽ ജില്ലാ കുടുംബ കോടതിയിലൊക്കെ കേസുകൾ നടത്താൻ പോകുന്ന ആളുകൾ ധാരാളമുണ്ട്. അവർ 60, 65 കിലോമീറ്റർ യാത്ര ചെയ്യേണ്ടി വരുന്നുവെന്നുള്ളതും അതുപോലെതന്നെ യാത്രാദുരിതങ്ങളുമൊക്കെ അവരെ വല്ലാതെ കഷ്ടപ്പെടുത്തുന്ന സാഹചര്യമാണ് ഇന്നുള്ളത്. അതുമാത്രമല്ല ഇന്ന് എറണാകുളം സെഷൻസ് കോടതിയിൽ നിലവിലുള്ള കേസുകളുടെ എണ്ണം പരിശോധിച്ചാൽ അതിൽ ബഹുഭൂരിപക്ഷവും ഏതാണ്ട് പകുതിയിലധികവും, മൂവാറ്റുപുഴ, കുന്നത്തുനാട് താലൂക്കുകളിൽപ്പെട്ടവയാണ് എന്നുള്ളതും കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. അതുകൊണ്ട് മൂവാറ്റുപുഴ കേന്ദ്രമായി ഒരു അഡീഷണൽ ഡിസ്ട്രിക്റ്റ് കോർട്ടും അതുപോലെതന്നെ ഒരു കുടുംബ കോടതിയും സ്ഥാപിക്കണമെന്നുള്ള ആവശ്യം വളരെക്കാലമായി ഉന്നയിച്ചുകൊണ്ടിരിക്കുന്നതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജിമാർ അവിടെ വരികയും ഇതിനായുള്ള പരിശോധനകൾ നടത്തുകയും അനുകൂലമായ നടപടികൾ സ്വീകരിക്കാമെന്ന് നിരവധി പ്രാവശ്യം ഉറപ്പ് നൽകുകയും ചെയ്തിട്ടുള്ളതാണ്. അതുപോലെതന്നെ എറണാകുളം ജില്ലയിൽ കൂടുതൽ ആളുകൾ കേസുമായി ബന്ധപ്പെടുന്ന പടിഞ്ഞാറൻ മേഖലയ്ക്ക് വേണ്ടി വടക്കൻ പറവൂർ കേന്ദ്രമായി ഒരു അഡീഷണൽ സെഷൻസ് കോടതി ഇപ്പോൾ തന്നെ പ്രവർത്തിക്കുന്നുണ്ട്. ഈ കോടതികൾ അനുവദിക്കാൻ ഗവൺമെന്റും ഹൈക്കോടതിയും തയ്യാറായാൽ അതിനാവശ്യമായ സ്ഥലസൗകര്യവും എല്ലാ സജ്ജീകരണങ്ങളും ഒരുക്കുവാൻ മൂവാറ്റുപുഴ ബാർ അസോസിയേഷനും അവിടുത്തെ സാംസ്ക്കാരിക സംഘടനകളും തയ്യാറാണ്. ഇതുപോലെയുള്ള സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ മൂവാറ്റുപുഴയിലെയും കിഴക്കൻ മലയോര മേഖലയിലെയും സാധാരണക്കാരായ ആളുകൾക്ക് വലിയ അനുഗ്രഹമായി

തീരാൻ സാദ്ധ്യതയുള്ള ഒരു അഡീഷണൽ ഡിസ്ട്രിക്റ്റ് കോർട്ടും ഒരു കുടുംബ കോടതിയും മൂവാറ്റുപുഴയിൽ സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, മൂവാറ്റുപുഴയിൽ ഒരു അഡീഷണൽ ജില്ലാ കോടതി സ്ഥാപിക്കണമെന്ന മൂവാറ്റുപുഴ ബാർ അസോസിയേഷന്റെ ആവശ്യം എറണാകുളം ജില്ലാകോടതി കൈകാര്യം ചെയ്യുന്ന മൂവാറ്റുപുഴയിൽനിന്നുള്ള കേസുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പരിശോധിക്കുകയും ആയത് പരിഗണനാർഹമല്ലെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്. മാത്രവുമല്ല അഡീഷണൽ ജില്ലാകോടതികൾ സ്ഥാപിക്കുന്നതിന് കാസർഗോഡ്, മഞ്ചേരി, തിരൂർ എന്നീ സ്ഥലങ്ങൾ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയെങ്കിലും അവ പോലും സ്ഥാപിച്ച് ഉത്തരവാകാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ ആവശ്യം ഇപ്പോൾ പരിഗണിക്കാൻ നിവൃത്തിയില്ല. തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി എന്നിവിടങ്ങളിൽ അഡീഷണൽ കുടുംബ കോടതികൾ സ്ഥാപിക്കുന്നതിനുള്ള ശുപാർശ ഹൈക്കോടതി നൽകിയിരുന്നതിൽ തിരുവനന്തപുരം, കൊല്ലം ജില്ലകൾക്ക് വേണ്ടി യഥാക്രമം നെടുമങ്ങാടും കൊട്ടാരക്കരയിലും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മറ്റുള്ളവ എവിടെ സ്ഥാപിക്കണമെന്ന് തീരുമാനിച്ചിട്ടില്ല. ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ അഡീഷണൽ കുടുംബ കോടതി സ്ഥാപിച്ച് ഉത്തരവാകുന്ന അവസരത്തിൽ മെമ്പറുടെ ആവശ്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. ജോണി നെല്ലൂർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുടുംബകോടതിയുടെ കാര്യം പരിഗണിക്കാമെന്ന് പറഞ്ഞു. ഇപ്പോൾ തന്നെ കുടുംബ കോടതിയുടെ സിറ്റിംഗ് ആഴ്ചയിൽ ഒരിക്കൽ മൂവാറ്റുപുഴയിലുണ്ട്. അത് സ്ഥിരമായി ഒരു കുടുംബ കോടതിയായി അനുവദിച്ച് നൽകുന്ന കാര്യത്തിൽ ഗവൺമെന്റ് അനുഭാവപൂർവ്വം നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ആന്റണി: നേരത്തെ തീരുമാനിച്ച സ്ഥലങ്ങളിലെ ഉത്തരവ് ഉണ്ടായി കഴിഞ്ഞാൽ അതിനുശേഷം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിശോധിക്കുന്നതാണ്.

III. സബ്മിഷൻ

(1) പത്തനംതിട്ട ജില്ലയിൽ സമരംചെയ്ത വിദ്യാർത്ഥികൾക്കുനേരെ നടന്ന പോലീസ് അതിക്രമം

ശ്രീ. രാജു എബ്രഹാം: സർ, കേരളത്തിലെ വിദ്യാർത്ഥി സമര ചരിത്രത്തിൽ ആദ്യമായിട്ടാണ് സമരം ചെയ്ത വിദ്യാർത്ഥിയുടെ ശരീരത്ത് കൂടി പോലീസ് ജീപ്പ് ഓടിച്ച് കയറ്റി ആ വിദ്യാർത്ഥിയെ കൊലപ്പെടുത്താൻ ശ്രമിച്ചിട്ടുള്ളത്. അതുകൊണ്ടാണ് അടിയന്തിര പ്രമേയത്തിന്റെ രൂപത്തിൽ ഇത്തരത്തിലൊരു

LIBRARY ARCHIVES Kerala Legislative Assembly